# പത്തനംതിട്ട കത്തീഡ്രൽ കൂദാശയും 82-ാം പുനരൈക്യവാർഷികവും

**ആമുഖം**

ചരിത്രപ്രസിദ്ധമായ മലങ്കരപുനരൈക്യം നടന്നിട് 82 വർഷമായി. ഈ കാലമത്രയും ദൈവം ഈ സഭമേൽ വർഷിച്ച സമൃദ്ധമായ കരുണയ്ക്ക് നന്ദി അർപ്പിക്കുന്നതിനുള്ള പ്രത്യേകാവസരമാണ് പുനരൈക്യവാർഷികം. യേശുക്രിസ്തുവിലുള്ള ഐക്യത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഈ സഭ ദൈവപരിപാലനയിൽ മുന്നേറുന്നു. ഇപ്പോഴത്തെ വാർഷികത്തിലെ ഒരു സുപ്രധാനകാര്യം പുതിയ കത്തീഡ്രൽ ദൈവാലയം കൂദാശ ചെയ്ത് ദൈവാരാധനയ്ക്കായി സമർപ്പിക്കുന്നു എന്നതാണ്. പത്തനംതിട്ട രൂപത രൂപംകൊണ്ടിട്ട് രണ്ടര വർഷമേ ആയിട്ടുള്ളു. ദൈവാനുഗ്രഹം സമൃദ്ധമായി ഈ രൂപതയ്ക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. ഉദാരമതികളിലൂടെ നാനാരീതിയിൽ ദൈവം ഇതിനെ ഫലദായകമാക്കുന്നു.

***പതിനേഴാം നൂറ്റാണ്ടിലെ പിളർപ്പ് - പുത്തൻകൂറും പഴയകൂറും***

നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ മലങ്കരസഭയ്ക്ക് അടിസ്ഥാനമിട്ടു എന്നതാണ് നമ്മുടെ പുരാതന പാരമ്പര്യം. ഈ സഭ ഏകയോഗമായി പതിനാറ് നൂറ്റാണ്ട് നിലനിന്നു. പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ പോർട്ടുഗ്രീസുകാരുടെ പ്രവർത്തന ഫലമായി ഈ ഏകസഭയിൽ അഭിപ്രായഭിന്നതകളും പിളർപ്പുകളും ഉണ്ടായി. തദ്ഫലമായി മലങ്കര നസ്രാണിസമൂഹം പുത്തൻകുറ്റുകാർ എന്നും പഴയകുറ്റുകാർ എന്നും രണ്ടായി പിളർന്നു. പുത്തൻകൂർവിഭാഗം കാലക്രമത്തിൽ അന്ത്യോക്യൻ യാക്കോബായാ സഭയുടെയും ആംഗ്ലിക്കൻ പ്രോട്ടസ്റ്റന്റ് സഭകളുടെയും സ്വാധീനത്തിൽ വരികയും സമ്പൂർണമായ കാതോലികത്വം നഷ്ടമാക്കുകയുംചെയ്തു. ഈ വിഭാഗത്തിൽ പല പിളർപ്പുകൾ ഉണ്ടാകുകയും പല സമൂഹങ്ങൾ ഇതിൽ നിന്ന് ഉടലെടുക്കുകയും ചെയ്തു. 1912-നുശേഷം പുത്തൻകൂർ യാക്കോബായാസഭ, ഓർത്തഡോക്സ് എന്നും യാക്കോബായാ എന്നും രണ്ടായി തിരിയുകയും കക്ഷിവഴക്കുകളും സഭാസ്വത്തുക്കൾ സംബന്ധിച്ച് കോടതിവ്യവഹാരങ്ങളും ഉണ്ടാകുകയും ചെയ്തു. സങ്കടകരമെന്നുപറയട്ടെ, ഈ കക്ഷിവഴക്കുകൾ ഇപ്പോഴും നിലനിൽക്കുന്നു.

***സഭൈക്യസംരംഭങ്ങൾ***

കൂനൻകുരിശുസത്യത്തിനു ശേഷം ഉണ്ടായ പിളർപ്പിന്റെ മുറിവുണക്കാൻ ഇരുഭാഗത്തെയും സഭാനേതാക്കന്മാർ അക്ഷീണം പരിശ്രമിച്ചു. ഒന്നാം മാർതോമാ എന്നറിയപ്പെടുന്ന തോമാ ആർച്ചുഡീക്കൻ മുതൽ അഞ്ചാം മാർതോമാ വരെയുള്ളവരുടെ പരിശ്രമങ്ങളൊന്നും ഫലമണിഞ്ഞില്ല. ആറാം മാർതോമായുടെ കാലത്ത് (1761-1808) സഭൈക്യസംബന്ധമായ നിരവധി നീക്കങ്ങൾ നടന്നു. പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും യോജിച്ച് ഒരു സഭാസമൂഹമായി സ്വന്തമെത്രാന്മാരുടെ കീഴിൽ നില്ക്കാനാണ് മലങ്കരക്കാർ ആഗ്രഹിച്ചതും പരിശ്രമിച്ചതും. മെത്രാന്മാർക്ക് സഭയിലുള്ള സ്ഥാനവും സഭയുടെ നിലനില്പ്പും അനുഷ്ഠാനങ്ങൾ അഭംഗുരം തുടരാനുള്ള സാഹചര്യവുമാണ് അവർ ഉന്നംവച്ചത്. ഇക്കാലമായപ്പോഴേക്കും ഇതിനോക്കെ റോം സന്നദ്ധമായിരുന്നെന്ന് രേഖകൾ ചൂണ്ടിക്കാണിക്കുന്നു. എന്നാലവ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മിഷനറിമാർ മെനക്കെട്ടില്ല, തടസപ്പെടുത്തിയതേയുള്ളു. എങ്കിലും 1799 ജൂൺ 22-ന് ആറാം മാർതോമാ എന്ന വലിയ ദിവന്നാസ്യോസ് കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു. എന്നാൽ അദ്ദേഹത്തെ മിഷനറി മെത്രാന്മാർ മെത്രാനായി അംഗികരിക്കുകയോ മെത്രാനടുത്ത അധികാരങ്ങൾ കത്തോലിക്കാസഭയിൽ

ചെയ്യാൻ സമ്മതിക്കുകയോ ചെയ്തില്ല.

പിന്നെ വന്ന പുലിക്കൊട്ടിൽ മാർ ദിവന്നാസ്യോസ് രണ്ടാമനും (1868-1909) നിധിയിരിക്കൽ മാണിക്കത്തനാരും കൂടി സഭൈക്യചർച്ചയിൽ ബഹുദൂരം മുമ്പോട്ടുപോയി. ഇന്ത്യയിലെ പേപ്പൽ പ്രതിനിധിയുമായി മാർ ദിവന്നാസ്യോസ് പല എഴുത്തുകുത്തുകൾ നടത്തുകയും ഊട്ടിയിൽ പോയി അദ്ദേഹത്തെ സന്ദർശിക്കുകയും ചെയ്തു. ഇരുസമുദായങ്ങൾക്കും ഒരുപോലെ നേട്ടമുണ്ടാക്കുന്ന രീതിയിലായിരുന്നു അവരുടെ സഭൈക്യപ്രവർത്തനങ്ങൾ. തന്റെ മുൻഗാമികൾ റോമിനോട് ആവശ്യപ്പെട്ട അതേ ഡിമാന്റുകളാണ് അദ്ദേഹവും സമർപ്പിച്ചത്. (1) മെത്രാന്മാർക്ക് തങ്ങളുടെ ജനത്തിന്മേലുള്ള അധികാരം നിലനിർത്തണം. (2) ആരാധനാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്താൻ പാടില്ല. (3) വിവാഹിതരായ വൈദികരെ സ്വീകരിക്കണം, കുർബാനയ്ക്കു പുളിച്ച അപ്പം ഉപയോഗിക്കാൻ അനുവദിക്കണം. (4) മാർപാപ്പായെ സാർവ ത്രിക സഭാധ്യക്ഷനായി അംഗീകരിക്കാം.

ആവശ്യപ്പെട്ടതൊക്കെ കർദിനാൾസംഘം അനുവദിച്ചതായിട്ടാണ് റിപ്പോർട്ട്. സഭൈക്യത്തിന് സഹായകമായ എല്ലാ ആവശ്യങ്ങളും അംഗീകരിക്കാൻ റോം സമ്മതമാണന്ന് ധ്വനിക്കുന്ന പ്രയോഗങ്ങളാണ് റിപ്പോർട്ടിൽ. 1888-ലെ രേഖാസമുച്ചയത്തിലാണ് ഈ കത്ത്. പിന്നീട് 1926-ൽ മാർ ഈവാനിയോസ് തിരുമേനിവഴി മലങ്കര സിനഡ് റോമിലേക്കയച്ച മെമ്മോറാണ്ടവും അതിനു വന്ന മറുപടിയും 1888-ലെ ഈ രേഖയുടെ ചുവടുപിടിച്ച് ക്രമീകരിച്ചിട്ടുള്ളവയാണ്.

### *ഇരുപതാം നൂറ്റാണ്ടിലെ സഭൈക്യപരിശ്രമങ്ങൾ (1926-1930)*

പുലിക്കൊട്ടിൽ മാർ ദിവന്നാസ്യോസ് രണ്ടാമന്റെ സഭൈക്യചിന്തകളും പരിശ്രമങ്ങളും പിൻഗാമിയായ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും അറിഞ്ഞുകാണും. സഭയെ പ്രോട്ടസ്റ്റന്റിസത്തിൽ നിന്ന് കഴിവതും അകറ്റി നിർത്തേണ്ടതിന്റെ ആവശ്യകത ഇരുവർക്കും ബോധ്യമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്തും സഭൈക്യചിന്തകൾ ശക്തിപ്പെട്ടു. പരുമല സെമിനാരിയിൽ 1926-ൽ കൂടിയ മെത്രാന്മാരുടെ സിനഡിൽ വച്ച് സഭൈക്യചർച്ചകൾ മുമ്പോട്ടുകൊണ്ടുപോകാൻ മാർ ഈവാനിയോസ് തിരുമേനിയെ മെത്രാന്മാർ ചുമതലപ്പെടുത്തി. ആ സംവാദത്തിന്റെ ശുഭകരമായ പരിസമാപ്തിയാണ് 1930 സെപ്തംബർ 20-ലെ മലങ്കര കത്തോലിക്കാ പുനരൈക്യം എന്നറിയപ്പെടുന്ന സഭൈക്യം. ദൃശ്യവും സമ്പൂർണവുമായ കാനോനിക ഐക്യമാണ് 1930-ൽ മലങ്കരസഭ നേടിയെടുത്തത്. 277 കൊല്ലത്തെ ഐക്യസംരംഭങ്ങൾ (1653-1930) പൂവണിഞ്ഞത് 1930-ലാണ്.

1930-ലെ റോമൻ സഭാശാസ്ത്രമനുസരിച്ചാണ് മലങ്കരസഭയും റോമൻസഭയും തമ്മിലുള്ള ഐക്യം നടന്നത്. ആ പശ്ചാത്തലത്തിൽ കാതോലിക്കോസിനും സിനഡിനും റോം അംഗീകാരം നിഷേധിച്ചു. എന്നാൽ രണ്ടാം വത്തിക്കാൻ സുനഹദോസിനുശേഷം സഭാശാസ്ത്രത്തിൽ വ്യത്യസ്ത വീക്ഷണങ്ങൾ രൂപപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 2005 ഫെബ്രുവരി 10-ന് മലങ്കര കത്തോലിക്കാസഭയെ സ്വയംഭരണാവകാശമുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉയർത്തുകയും സിറിൽ മാർ ബസേലിയോസ് പിതാവിനെ മേജർ ആർച്ചുബിഷപ്പായി നിയമിക്കുകയും ചെയ്തു. പാത്രിയാർക്കീസ് എന്ന സ്ഥാനസംജ്ഞ ഇല്ല എന്നതൊഴിച്ചാൽ പാത്രിയാർക്കീസുമാർക്കുള്ള എല്ലാ അവകാശാധികാരങ്ങളും കാനോനികമായി മേജർ ആർച്ചുബിഷപ്പിനുണ്ട്. മലങ്കര പാരമ്പര്യം അനുസരിച്ച് മലങ്കര മേജർആർച്ചുബിഷപ്പ്, കാതോലിക്കോസ് എന്ന് വിളിക്കപ്പെടുന്നു. മലങ്കരസഭയുടെ പ്രത്യേക കാനോനകളിൽ അത് അംഗീകൃത സംജ്ഞയായി തീർന്നു.

### *1930-ലെ ഐക്യത്തിന്റെ സവിശേഷതകൾ*

ദൈവാത്മാവിനാൽ പ്രേരിതനായിട്ടാണ് മാർ ഈവാനിയോസ് പിതാവ് ഈ സമ്പൂർണമായ ഐക്യത്തിന് മുതിർന്നത്. അതായത് ഈ സഭൈക്യം ഒരു വലിയ ദൈവിക പ്രവർത്തനത്തിന്റെ ഫലമാണ്. റോമാമാർപാപ്പാമാരും അതുവഴി ലോകം മുഴുവനുമുള്ള കോടിക്കണക്കിന് കത്തോലിക്കരുമായുള്ള സമ്പൂർണവും ദൃശ്യവും കാനോനികവുമായ സംസർഗം ക്രിസ്തുവിന്റെ സഭയുടെ സഭാത്മകതയ്ക്ക് അവശ്യാവശ്യമാണെന്ന് കരുതിയ മലങ്കരക്കാരുടെ ബോധ്യത്തിന്റെ യാഥാർഥ്യവൽക്കരണമാണ് 1930-ലെ സഭൈക്യം. 110 കോടിയിൽപരം കത്തോലിക്കരുമായുള്ള ഐക്യമാണ് മാർപാപ്പായുമായുള്ള കൂട്ടായ്മവഴി മലങ്കരക്കാർ നേടിയെടുത്തത്. വിശ്വവ്യാപകമായ കത്തോലിക്കാ സഭയുമായുള്ള ഐക്യം  മലങ്കരസഭയെ സംബന്ധിച്ച് വലിയൊരു നേട്ടം തന്നെയാണ്. ഈ കൂട്ടായ്മയിലൂടെ കത്തോലിക്കാസഭയിലെ വൈവിധ്യമാർന്ന പാരമ്പര്യങ്ങൾ നമ്മുടേയും സ്വന്തമായി. 1653-നു ശേഷം പുത്തൻകൂറ്റുകാർക്കു നഷ്ടപ്പെട്ട കത്തോലിക്കാ കൂട്ടായ്മയുടെ സമ്പൂർണത - റോമുമായുള്ള ഐക്യം - 1930-ലെ ദൃശ്യമായ ഐക്യത്തിലൂടെ വീണ്ടെടുക്കാൻ സാധിച്ചു.

ഈ സഭൈക്യത്തിന് നിരവധി സവിശേഷതകൾ ഉണ്ട്: 1. ഇരുപതാം നൂറ്റാണ്ടിലെ നിരവധി സഭൈക്യസംരംഭങ്ങളിൽ ഇത് മാത്രമേ ഫലമണിഞ്ഞുള്ളൂ, ലത്തീൻസഭയിൽ ലയിക്കാതെ കനോനിക കൂട്ടായ്മയിൽ പ്രവേശിച്ച ഏക സംരംഭമാണിത്. 2. 1930-ലെ സഭൈക്യപരിശ്രമം മലങ്കരസഭയുടെ ഉള്ളിൽ നിന്നു തന്നെ ഉണ്ടായതാണ്. ബാഹ്യപ്രേരണയാലോ, മിഷനറിമാരുടെ പ്രവർത്തനത്താലോ ഐക്യത്തിൽ എത്തിയതല്ല. 3. ഈ സഭൈക്യം ദൈവഹിതാനുസൃതമാകയാൽ ദൈവം ഇതിനെ ധാരാളമായി അനുഗ്രഹിച്ചു. ഇത് ദൈവവിളിയിൽ സമൃദ്ധമാണ്, മിഷൻചൈതന്യം നിറഞ്ഞതുമാണ്. 1930 മുതൽ ധാരാളമായി ദൈവാനുഗ്രവും ശാന്തിയും അനുഭവിക്കുന്നവരുടെ സഭാസമൂഹമാണ് മലങ്കര കത്തോലിക്കാസഭ. 4. മാർ ഈവാനിയോസ് പിതാവിന്, കർതൃഹിതം അനുസരിച്ച് പ്രവർത്തിക്കുക, പരിശുദ്ധാത്മാവ് നയിക്കുന്ന പാതയിലൂടെ മുമ്പോട്ടുപോകുക എന്ന ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. സ്വാർഥലക്ഷ്യങ്ങൾ ഒന്നുമില്ലായിരുന്നു. ദൈവതിരുമുമ്പാകെ മലങ്കരസഭയുടെ വിജയത്തിന്റെ രഹസ്യം ഇതാണ്. 5. റോമിൽ വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായുള്ള സമ്പൂർണ കൂട്ടായ്മ കൊണ്ടേ ശാശ്വതശാന്തിയും സമാധാനവും പുരോഗതിയും മലങ്കര സഭയ്ക്കുണ്ടാകുകയുള്ളൂ എന്ന, മാർ ഈവാനിയോസ് പിതാവിന്റെ ബോധ്യവും പ്രവാചകദർശനവും സത്യമാണെന്ന് കാലം തെളിയിച്ചു. 6. താൻ ഉൾപ്പെട്ടുനിന്ന ഓർത്തഡോക്സ് സഭയിൽ ആഴമായ ആത്മീയ നവീകരണം നടത്തിയാണ് അദ്ദേഹം സഭൈക്യത്തിൽ എത്തിയത്. പ്രവാചക തുല്യനായ അദ്ദേഹം സത്യത്തിന്റെ രഹസ്യങ്ങളിലേക്ക് എടുത്തുചാടി. സത്യം അദ്ദേഹത്തെ സ്വതന്ത്രനാക്കി, ഒപ്പം അദ്ദേഹത്തിന്റെ കൂടെ ഇറങ്ങി തിരിച്ചവരേയും. കലഹത്തിന്റേയും കോടതിയുടേയും വിദ്വേഷത്തിന്റേയും ബന്ധനങ്ങളിൽ നിന്ന് അവരെ വിമുക്തരാക്കി. ബഥനിയുടെ സ്വാധീനത്തിൽ വന്ന ബന്ധനവിമുക്തർ ആയവരൊക്കെ മാർ ഈവാനിയോസ് പിതാവിന്റെ പിന്നാലെ കത്തോലിക്കാ കൂട്ടായ്മയിൽ എത്തിച്ചേർന്നു.

### *മാർ ഈവാനിയോസ് പിതാവ് (1882-1953)*

മലങ്കര നസ്രാണികളുടെ ഇടയിൽ 1930-ലെ സഭൈക്യം ഒരു മഹാസംഭവമായിരുന്നു. 1653 മുതൽ പ്രഗത്ഭരായ പല സഭാനേതാക്കന്മാരും അശ്രാന്തം പരിശ്രമിച്ചിട്ടും സാധിക്കാത്ത കാര്യമാണ് മാർ ഈവാനിയോസ് പിതാവ് നേടിയെടുത്തത്. വേർപെട്ട കാലം മുതൽ ഇവിടുത്തെ പിതാക്കന്മാർ ഐക്യത്തിനായി ദാഹിച്ചിരുന്നതും തങ്ങളുടെ പരിധിയിൽ വന്ന വിധം ഐക്യം യാഥാർഥ്യമാക്കാൻ അവരെല്ലാം പരിശ്രമിച്ചിരുന്നതും അദ്ദേഹം കണ്ടു. കത്തോലിക്കാ സഭയുമായുള്ള ഐക്യം കൊണ്ടു മാത്രമേ

മലങ്കരയിൽ ശാശ്വതസമാധാനം കൈവരു എന്ന ബോധ്യം അദ്ദേഹത്തെ നയിച്ചു.

മലങ്കരസഭയെ മൊത്തത്തിൽ കണ്ടിരുന്ന ആളായിരുന്നു മാർ ഈവാനിയോസ്. കാതോലിക്കായുടെ നേതൃത്വത്തിൽ മലങ്കരസമൂഹം മുഴുവൻ ഒന്നിച്ച് സഭൈക്യത്തിലേക്ക് പ്രവേശിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം അതിനായി തന്റെ പരിധിയിൽ വരുന്ന രീതിയിൽ അദ്ദേഹം കഠിനാധ്വാനം ചെയ്തു. അങ്ങനെ മാർതോമാ ക്രിസ്ത്യാനികളുടെ ഐക്യത്തിന് ദൈവം അദ്ദേഹത്തെ ഉപകരണമാക്കി. അദ്ദേഹം ഐക്യപാത തുറന്നുകൊടുത്തു.

പ്രവാചകതുല്യനായ മാർ ഈവാനിയോസ് പിതാവ് തനിക്കു ലഭിച്ച ദൈവിക ദർശനാനുസൃതം പ്രവർത്തിക്കുകയും സഭൈക്യത്തിനു പാത വെട്ടി തുറന്നു നല്കുകയും ചെയ്തു. പ്രത്രോസിന്റെ പിൻഗാമിയായ റോമിലെ മാർപാപ്പയുമായുള്ള ഐക്യം സഭാത്മകപൂർണതയ്ക്ക് അപരിത്യാജ്യമാണെന്ന ഉറച്ച ബോധ്യമാണ് ഈ സാഹസയാത്രയ്ക്ക് പിതാവിനെ പ്രേരിപ്പിച്ചത്. മലങ്കര ഓർത്തഡോക്സ് സഭയിൽ കാതോലിക്കേറ്റ് സ്ഥാപിക്കാൻ അദ്ദേഹം മറ്റാരേക്കാളും കൂടുതൽ അധ്വാനിച്ചു. 1926-നുശേഷം റോമുമായുള്ള എഴുത്തുകുത്തുകളിലെല്ലാം കാതോലിക്കോസും സിനഡും, റോം അംഗീകരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം നിരത്തിവച്ചു. സഭയുടെ ഓട്ടോണമിയുടെ പ്രതീകമായിട്ടാണ് പിതാവ് കാതോലിക്കോസിനെയും സിനഡിനെയും കണ്ടത്. ഇത് യാഥാർഥ്യമാക്കാൻ പിന്നെയും വർഷങ്ങളെടുത്തു (2005).

സഭാനവീകരണത്തിലൂടെ മാത്രമേ സഭൈക്യം സാധ്യമാകൂ എന്നു കണ്ടതിനാലാണ് പിതാവ് പെരുനാട്ടിൽ ബഥനി സന്ന്യാസപ്രസ്ഥാനം തുടങ്ങിയത് (1919). മലങ്കരസഭയെ കത്തോലിക്കാസഭയിൽ ഒരു പ്രാദേശികസഭയായി-വ്യക്തിഗതസഭയായി- അംഗീകരിപ്പിക്കാനും തിരുവനന്തപുരം അതിന്റെ ആസ്ഥാനമാക്കാനും അദ്ദേഹത്തിന് സാധിച്ചത് എക്യൂമെനിസത്തിന്റെ ചരിത്രത്തിൽ വലിയ നേട്ടമാണ്. അദ്ദേഹത്തോടൊപ്പം മൂന്ന് മെത്രാന്മാരും രണ്ട് റമ്പാന്മാരും നൂറോളം കത്തനാരന്മാരും വിശ്വാസികളും കത്തോലിക്കാ സഭാകൂട്ടായ്മയിലെത്തിച്ചേർന്നു. വളരെയേറെ എതിർപ്പിന്റെ മധ്യത്തിലൂടെയാണ് അദ്ദേഹം കടന്നുപോയത്. തിരുവിതാംകൂർ ദിവാൻ അദ്ദേഹത്തിന്റെ സംരംഭങ്ങളെ പരാജയപ്പെടുത്താൻ ശ്രമിച്ചെങ്കിലും, അയാൾക്ക് പരാജിതനായി നാടുവിടേണ്ടിവന്നു

### *ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവ് (1953-1994)*

മാർ ഈവാനിയോസ് പിതാവിന്റെ കാലശേഷം നേതൃത്വം നല്കിയ മാർ ഗ്രിഗോറിയോസ് പിതാവ് ദൈവനിയുക്തനായ സഭാനേതാവായിരുന്നു. മനുഷ്യഹൃദയങ്ങളെ സ്നേഹം കൊണ്ട് കീഴടക്കിയ മഹാനായിരുന്നു അദ്ദേഹം. ഈ നാടിന് ലഭിച്ച ഒരു വലിയ അനുഗ്രഹമായിരുന്നു അദ്ദേഹം. ജനങ്ങളുമായി ഇഴുകി ചേർന്നുപോയിരുന്ന ജനകീയമെത്രാനായി അദ്ദേഹം അംഗീകരിക്കപ്പെട്ടു. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഉള്ളവരുമായി അദ്ദേഹം സുഹൃദ്ബന്ധം പുലർത്തി. പാവപ്പെട്ടവരോടുള്ള പ്രതിപത്തി അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. അദ്ദേഹം ദരിദ്രജീവിതം നയിച്ചു, ലാളിത്യപൂർണമായി വ്യാപരിച്ചു. സ്വന്തമായി ഒന്നും സമ്പാദിച്ചില്ല, എല്ലാവർക്കുമായി വാതിൽ തുറന്നുകൊടുത്തു. അങ്ങനെ മെത്രാൻ സ്ഥാനത്തിന് ഒരു പുതിയ മുഖം കാട്ടിക്കൊടുത്തു. ഒരു പ്രകാശഗോപുരമായിരുന്ന അദ്ദേഹം തന്റെ ചുറ്റുമുള്ള ജനങ്ങളുടെ അനുദിന പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. അതൊടോപ്പം സഭാജീവിതത്തിൽ വളരുന്നതിന് തന്റെ ജനത്തെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു. മാർ ഈവാനിയോസ് പിതാവ് തുടങ്ങിവച്ച സഭൈക്യം, മിഷൻ പ്രവർത്തനം എന്നീ രണ്ടു തലങ്ങളിലും അദ്ദേഹം വേണ്ടത്ര ശ്രദ്ധ ചെലുത്തി. തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലുമുള്ള നിരവധി ആരാധനാകേന്ദ്രങ്ങൾ അദ്ദേഹത്തിന്റെ കാലത്ത് തുടങ്ങിയവയാണ്. സമർത്ഥരായ വൈദികർ അദ്ദേഹത്തിന് പിൻതുണയായി ഉണ്ടായിരുന്നു.കൃപ നിറഞ്ഞ

മഹാവ്യക്തിയായിരുന്നു മാർ ഗ്രിഗോറിയോസ് പിതാവ്, ആരാധനക്രമപാരമ്പര്യം സംരക്ഷിക്കുന്നതിലും വളർത്തുന്നതിലും വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധ ചെലുത്തി, അദ്ദേഹം ഒരു വലിയ പ്രകൃതി സ്നേഹിയായിരുന്നു. കഠിനാധ്വാനത്തിന്റെയും ദൈവൈക്യത്തിന്റെയും മാതൃക കാട്ടി മിന്നൽപിണർ പോലെ അദ്ദേഹം കടന്നുപോയി.

***സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവാ (1935-2007)***

ഗ്രിഗോറിയോസ് പിതാവിന്റെ കാലശേഷം സഭാത്മകവീക്ഷണത്തോടെ മലങ്കരസഭയെ നയിച്ചത് (1995-2007) അഭിവന്ദ്യ സിറിൽ പിതാവാണ്. 2005-ൽ മലങ്കരസഭയെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി പരിശുദ്ധ സിംഹാസനം ഉയർത്തിയപ്പോൾ സിറിൽ പിതാവ് മേജർ ആർച്ചുബിഷപ്പായി. മലങ്കര പാരമ്പര്യമനുസരിച്ച് മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ് എന്നറിയപ്പെട്ടു തുടങ്ങി. 2005-2007 കാലയളവിൽ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ, സഭാസംഘടനാപരമായി നിരവധി കാര്യങ്ങൾ ചെയ്തു. പുതിയ രൂപതകൾ സ്ഥാപിച്ചു, കൂടുതൽ മെത്രാന്മാരെ വാഴിച്ചു അങ്ങനെ മെത്രാപ്പോലീത്തൻ സഭ എന്ന നിലയിൽനിന്ന് സ്വയംശീർഷക സഭയായി-മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി-മലങ്കര സഭയെ ഉയർത്തി. സഭാത്മകമായ എല്ലാ കാര്യങ്ങളും റോമിന്റെ അറിവോടെ, സിനഡിന്റെ അദ്ധ്യക്ഷനായ മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസിന് ചെയ്യാൻ ഇന്നു കഴിയുന്നു.

***മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ (2007- )***

സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവായുടെ നിര്യാണശേഷം കൂടിയ സിനഡ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കുകയും റോം അത് അംഗീകരിക്കുകയും ചെയ്തു. 2012-ൽ സഭയുടെ പ്രത്യേക നിയമങ്ങൾ നടപ്പാക്കി. സിനഡിനോടു ചേർന്ന് ബാവാതിരുമേനി മലങ്കരസഭയ്ക്ക് സ്തുത്യർഹമായ നേതൃത്വം നല്കുന്നു.

1653-ലെ കൂനൻകുരിശു സത്യത്തോടുകൂടെ നഷ്ടപ്പെട്ട കാതോലിക കൂട്ടായ്മ-വി. പത്രോസിന്റെ പിൻഗാമിയായ റോമിലെ മാർപാപ്പായുമായുള്ള ഐക്യം- 1930-ൽ പുനഃസ്ഥാപിച്ചതു വഴി, മാർതോമാനസ്രാണികൾക്കെല്ലാം ഏകസഭയായി തീരാനുള്ള കവാടം തുറന്നിരിക്കയാണ്. സഭയിൽ ഐക്യത്തിന്റെ കേന്ദ്രമായി നമ്മുടെ കർത്താവ് സ്ഥാപിച്ചത് പത്രോസിന്റെ സിംഹാസനമാണ്. കത്തോലിക്കാ സഭാസംസർഗത്തിൽ എത്തിയതുവഴി മിഷൻ പ്രവർത്തനത്തിനുള്ള വലിയ ഉത്തേജനം മലങ്കരസഭയ്ക്കു ലഭിച്ചു. അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന സഭ എന്നാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പാ മലങ്കരകത്തോലിക്കാ സഭയെ വിശേഷിപ്പിച്ചിരിക്കുന്നത്. പതിനായിരക്കണക്കിന് ആളുകൾക്ക് ക്രിസ്തുവിലേക്കുള്ള പാത തുറന്നു കൊടുക്കാൻ ഈ സഭൈക്യം ഹേതുവായിത്തീർന്നു. അതുപോലെ ഈ നാടിന്റെ നാനാവിധമായ വളർച്ചയ്ക്ക് ഉതകുന്ന നേതൃത്വം നൽകാനും ദൈവപരിപാലനയിൽ മലങ്കരസഭയ്ക്ക് കഴിയുന്നു. തിരുവനന്തപുരത്ത് മാർ ഈവാനിയോസ് കോളേജ്, മാർ ബസേലിയോസ് എൻജിനീയറിംങ് കോളേജ്, സർവോദയസ്ക്കൂൾ, തിരുവല്ലായിൽ പുഷ്പഗിരി മെഡിക്കൽ കോളേജ് തുടങ്ങി തലയെടുപ്പുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും സാമുഹ്യപ്രവർത്തനങ്ങളിലൂടെയും ഈ നാടിന് മഹത്തായ സേവനം ചെയ്യാൻ മലങ്കരകത്തോലിക്കാസഭ നേതൃത്വം നൽകുന്നു.

1930-ൽ നിന്ന് വ്യത്യസ്തമായ കാലഘട്ടത്തിലാണ് നാമിന്നു ജീവിക്കുന്നത്. വൈവിധ്യമാർന്ന പ്രശ്നങ്ങളാണ് ഇന്ന് നാമെല്ലാം അഭിമുഖീകരിക്കുന്നത്. ഈ പൊതുപ്രശ്നങ്ങൾ എല്ലാ സഭകളെയും ഒരുപോലെ ഉത്കണ്ഠാകുലരാക്കുന്നു. ഈ സാഹചര്യത്തിൽ ഒന്നിച്ചുള്ള ക്രൈസ്തവസാക്ഷ്യം അപരിത്യാജ്യമാണ്.

നാനാത്വത്തിൽ ഏകത്വമാണ് കത്തോലിക്കാസഭ ഉന്നംവയ്ക്കുന്ന സഭൈക്യശൈലി. എല്ലാ സഭകളിലും പെട്ടവർ ഒന്നിച്ച് സമ്പൂർണമായ ഐക്യത്തിൽ എത്തിച്ചേരാൻ സഭാനേതാക്കന്മാരും ദൈവജനവും താൽപര്യം കാണിക്കേണ്ടതുണ്ട്. 1930-ൽ മാർ ഈവാനിയോസ് പിതാവ് പരിശുദ്ധാത്മസ്വരത്തെ പിൻചെന്നതുപോലെ, ഇന്നു ജീവിക്കുന്ന നമുക്കും ആ ദിവ്യസ്വരം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കഴിയണം. പുതിയ സാഹചര്യത്തിൽ പുത്തൻഉണർവോടെ യേശുക്രിസ്തുവിന്റെ നാമത്തിൽ സഭകൾക്കിടയിലുള്ള ഐക്യചർച്ചകൾ സജീവമാക്കേണ്ടതുണ്ട്. ഒന്നായിത്തീരാനുള്ള മാർഗങ്ങൾ ആരായേണ്ടതുണ്ട്. അതിനുള്ള ഗൗരവമായ കടമ എല്ലാ സഭകളിലും പെട്ട ദൈവജനത്തിനുണ്ട്. പൗരസ്ത്യകത്തോലിക്കർക്ക് മറ്റാരേക്കാളും കൂടുതലായി ഇക്കാര്യത്തിൽ ഗൗരവമായ കടമയുണ്ടെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു. ഈ ആഹ്വാനം കൂടുതൽ ആഴത്തിൽ പതിയുന്നതിന് ഓരോ പുനരൈക്യവാർഷികവും പ്രേരകമാകണം.